E-273414/2023/DWCD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനിത ശിശു വികസന വകുപ്പ് - ജീവനക്കാര്യം - ശിശു വികസന പദ്ധതി ഓഫീസർ ശ്രീമതി.മേരി ജോണിന് പ്രോഗ്രാം ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിത ശിശു വികസന (എ) വകുപ്പ്

സ.ഉ.(സാധാ) നം.114/2023/WCDD തീയതി,തിരുവനന്തപുരം, 24-02-2023

---

പരാമർശം:- 1. സ.ഉ(അച്ചടി) നം.15/2022/വശിവിവ തീയതി 24.08.2022.

2. വനിത ശിശു വികസന ഡയറക്ടറുടെ 03.02.2023 ലെ DWCD/3885/2022-E9 നംപർ കത്ത്.

ഉത്തരവ്

വനിത ശിശു വികസനവകുപ്പിൽ നിലവിൽ ഒഴിവുള്ള പ്രോഗ്രാം ഓഫീസർ തസ്തികയിലേയ്ക്ക് പരാമർശം 1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.മേരി ജോൺ -നെ കെ.എസ്&എസ്.എസ്.ആർ ചട്ടം 28 (എ) പ്രകാരം 55200-115300 രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി നിയമിക്കണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം 2) പ്രകാരം ശുപാർശ സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. വനിത ശിശു വികസന ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശിശു വികസന പദ്ധതി ഓഫീസറായ ശ്രീമതി.മേരി ജോൺ -നെ കെ.എസ്&എസ്.എസ്.ആർ ചട്ടം 28 (എ) പ്രകാരം 55200-115300 രൂപ ശമ്പള സ്കെയിലിൽ നിലവിൽ ഒഴിവുള്ള മലപ്പുറം ജില്ലയിലെ പ്രോഗ്രാം ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥയ്ക്ക് (വനിത ശിശു വികസന വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി& എസ്.എസ്.എ/എ&ഇ), കേരളം തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

I/84128/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. **പ്രിയങ്ക.ജി**, IAS )

വിഷയം:- വനിത ശിശു വികസന വകുപ്പ് – ജീവനക്കാര്യം — പ്രോഗ്രാം ഓഫീസർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം - ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലെ ചുമതല ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: സ.ഉ(സാധാ) നം 114/2023/WCDD തീയതി-24.02.2023.

**<u>ഉത്തരവ് നം.DWCD/3885/2022-E9 തീയതി: 01-03-2023</u>**

വനിത ശിശുവികസന വകുപ്പിൽ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.മേരി ജോൺ-ന് പ്രോഗ്രാം ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചും മലപ്പുറം ജില്ലാതല ഐ.സി.ഡി.എസ് സെല്ലിൽ നിയമിച്ചും പരാമർശ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി.മേരി ജോൺ നിർവ്വഹിച്ച് വരുന്ന മലപ്പുറം അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല മലപ്പുറം റൂറൽ ശിശു വികസന പദ്ധതി ഓഫീസർ ശ്രീമതി.സീതാ ലക്ഷ്മി.കെ-യ്ക്ക് നൽകി ഉത്തരവാകുന്നു.

ശ്രീമതി.മേരി ജോൺ യഥാസമയം ചുമതല കൈമാറേണ്ടതും ശ്രീമതി.സീതാ ലക്ഷ്മി.കെ പ്രസ്തുത ചുമതല ഏറ്റെടുക്കേണ്ടതുമാണ്. ചുമതല ഏറ്റെടുത്ത വിവരം RTC യുടെ പകർപ്പ് സഹിതം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
2. ജില്ലാ വനിത ശിശുവികസന ഓഫീസർ, മലപ്പുറം
3. പ്രോഗ്രാം ഓഫീസർ, മലപ്പുറം
4. ഇ1, ഇ2, ഇ2(1) സീറ്റ്
5. സ്റ്റോക്ക് ഫയൽ/സ്പെയർ

Signed by Priyanka G
Date: 01-03-2023 22:33:56